പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.175 | 5.12.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എൻ. ഷംസുദ്ദീൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കേന്ദ്രസർക്കാർ പാസ്സാക്കിയ 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ നിയമ പ്രകാരമുള്ള · വ്യവസ്ഥകൾ സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൻപ്രകാരമുള്ള ഏതൊക്കെ വ്യവസ്ഥകൾ ഇതിനോടകം നടപ്പാക്കി കഴിഞ്ഞെന്നും ഇനി നടപ്പിലാക്കാനുള്ള വ്യവസ്ഥകൾ എന്തൊക്കെ യെന്നും അറിയിക്കുമോ; കാലതാമസം കൂടാതെ മറ്റ് വ്യവസ്ഥകൾ കൂടി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; | (എ) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016 ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി അംഗപരിമിതക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തുട നീളം ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, ദൃശ്യമാധ്യമങ്ങൾ വഴിയുള്ള പ്രചരണം തുടങ്ങിയവ നടത്തി വരുന്നു. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചവയുടെയും ഇനി നടപടി സ്വീകരിക്കേണ്ടവയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) സംസ്ഥാനത്ത് 40% വൈകല്യമുള്ള അംഗപരിമിതരായ സർക്കാർ ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ തന്നെ ജോലി ചെയ്യാമെന്ന വ്യവസ്ഥ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇപ്രകാരം പുതുക്കി നിശ്ചയിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ; ഇതിൽ പഴയ മാനദണ്ഡം തന്നെ തുടരാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ; | (ബി) 25.2.2017 ലെ സ.ഉ(പി) നം.3/2017/ഉ.ഭ.പ.വ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 11 ൽ പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ/ പരിരക്ഷിക്കപ്പെട്ടവരോ)ആയ വിഭാഗങ്ങൾ നിശ്ചയിച്ചു കൊണ്ടും പ്രസ്തുത വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. പ്രത്യേക മുൻഗണനാ വിഭാഗങ്ങളുടെ ലിസ്റ്റിൽ അംഗപരിമിതരായ ജീവനക്കാരെ മൂന്നാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പരിരക്ഷിക്കപ്പെട്ട വിഭാഗങ്ങൾക്കായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിൽ |

| | |
|---|---|
| | യോഗ്യരായിട്ടുള്ള എല്ലാ ജീവനക്കാർക്കും നിയമനം ലഭിക്കുന്നതിന് വേണ്ടിയാണ് പ്രത്യേക സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുള്ളത്. |
| (സി) 2016 -ലെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ നിയമ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലും അംഗപരിമിതർക്കായി പരാതിപരിഹാര ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന അംഗപരിമിതക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ സർക്കുലറിന്മേൽ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇപ്രകാരം ഉത്തരവ് നൽകുമ്പോൾ ആയതിൽ സർക്കാർ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്താൻ നടപടിയുണ്ടാകുമോ;<br>(ഡി) അംഗപരിമിതർക്കായുള്ള സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ പുറപ്പെടുവിക്കുമ്പോൾ ആയത് സർക്കാർ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അംഗപരിമിതർക്ക കൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) & (ഡി) ആക്ടിലെ സെക്ഷൻ 23 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ എല്ലാ ഓഫീസുകളിലും 'ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസറെ' നിയോഗിച്ചിട്ടുണ്ട്. '2016 ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട്' പ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലും അംഗപരിമിതർക്കായി പരാതി പരിഹാര ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ആക്ടിലെ സെക്ഷൻ 2 (k) പ്രകാരം ഗവൺമെന്റ് എസ്റ്റാബ്ലിഷ്മെന്റുകളിൽ പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2016 ലെ Rights of Persons with Disabilities ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെയും ഇനി നടപടി സ്വീകരിക്കേണ്ടവയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്ഷൻ 3, മുതൽ 10 വരെയുള്ള തുല്യത ഉറപ്പാക്കൽ, സംരക്ഷണം, അതിക്രമങ്ങളിൽ നിന്നും ദുരുപയോഗങ്ങളിൽ നിന്നുമുള്ള സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായും അംഗപരിമിതർക്ക് വിദ്യാഭ്യാസം. തൊഴിൽ പരിശീലനം, വിവിധ ധനസഹായം എന്നിവ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന്റെ ഭാഗമായും സാമൂഹ്യനീതി വകുപ്പ് തലത്തിൽ വിവിധ ശാക്തീകരണ പരിപാടികളും ക്ഷേമ പദ്ധതികളും നടപ്പാക്കുന്നു. അംഗപരിമിതരുമായി ഇടപെടുന്ന ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ,പൊതുജനങ്ങൾ എന്നിവരെ നിരന്തരമായി ബോധവത്കരിക്കുന്നതിലൂടെ മാത്രമേ ടി സെക്ഷനുകൾ നടപ്പാക്കുന്നതിൽ പൂർണ്ണ ലക്ഷ്യം കൈവരിക്കാനാകുകയുള്ളൂ എന്നതിനാൽ, കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പു സാമ്പത്തിക വർഷവും എല്ലാ ജില്ലകളിലും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും, NGO മാർക്കും സ്റ്റേക്ക് ഹോൾഡർമാർക്കും അവബോധനം സൃഷ്ടിക്കുന്ന തരത്തിലും ഉത്തരവാദിത്തം ബോധ്യപ്പെടുത്തുന്നതിനുമായുള്ള ശില്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. നടപ്പു വർഷം സംസ്ഥാനതലത്തിലും ജില്ലാ ഭരണങ്ങളിലെയും അനുബന്ധ വകുപ്പ് മേധാവികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ശിൽപശാല സംഘടിപ്പിക്കുകയും ഓരോ വകുപ്പുതലത്തിലും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചുമതല നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2. സെക്ഷൻ(11) പ്രകാരം ജനപ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ അംഗപരിമിത സൗഹൃദമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുപ്പ് വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ടി വകുപ്പിന് നൽകിയിട്ടുണ്ട്.

3. സെക്ഷൻ 13, പ്രകാരം അംഗപരിമിതർക്ക് സൗജന്യമായുള്ള നിയമസഹായം ലീഗൽ സർവ്വീസ് അതോറിറ്റി മുഖേന ലഭ്യമായി വരുന്നു.

4. സെക്ഷൻ 16-18 വരെയുള്ള സെക്ഷൻ പ്രകാരം ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഉറപ്പാക്കുന്നതിനായി കൂടിയ യോഗത്തിൽ DPI പ്രതിനിധിയെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇൻക്ലൂസീവ് എഡ്യൂക്കേഷൻ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പുതലത്തിൽ പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

5. സെക്ഷൻ ( 19 ) പ്രകാരം അംഗപരിമിതരായവർക്ക് NGO കൾ മുഖേന വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി വരുന്നു.

6. സെക്ഷൻ (23) പ്രകാരം സാമൂഹ്യനീതി വകുപ്പിനു കീഴിലെ എല്ലാ ഓഫീസുകളിലും ഗ്രീവൻസ് റിഡ്രസൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസറെ എല്ലാ വകുപ്പ് കാര്യാലയങ്ങളിലും നിയോഗിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അംഗപരിമിതരുടെ സംസ്ഥാന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

7. സെക്ഷൻ ( 24 ) പ്രകാരമുള്ള സാമൂഹ്യസുരക്ഷ, സെക്ഷൻ ( 25 ) പ്രകാരമുള്ള ആരോഗ്യ പരിചരണം, ( 26 ) പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതികൾ ( 27 ) പ്രകാരമുള്ള പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവ മുഖേന അംഗപരിമിതർക്ക് ലഭിച്ചു വരുന്നു.

8. സെക്ഷൻ (28) പ്രകാരം ഓരോ അംഗപരിമിതന്റെ ആവശ്യങ്ങൾ വ്യക്തമായി കണ്ടെത്തുന്നതിനുള്ള വ്യക്തിഗത വിവരശേഖരണ പദ്ധതി നടപ്പാക്കുന്നു. കൂടാതെ അംഗപരിമിതർക്കായി സംസ്ഥാനമൊട്ടാകെ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ / പരിപാടികൾ സംബന്ധിച്ച് പഠനം നടത്തുന്നതിന് എറണാകുളം ആസ്ഥാനമായുള്ള Centre for Socio Economic & Environmental Studies (CSES) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

9. സെക്ഷൻ 29, 30 പ്രകാരം Culture, Recreation, Sporting Activities എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി അംഗപരിമിതർക്കായി കലോൽസവം സംഘടിപ്പിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും പ്രളയം കാരണം കലോൽസവ പരിപാടികൾ താത്ക്കാലികമായി നിറുത്തി വച്ചിട്ടുണ്ട്.

10. സെക്ഷൻ ( 31 ) ൽ അനുശാസിക്കുന്ന സൗജന്യ വിദ്യാഭ്യാസം Right of Children to Free & Compulsory Education Act 2009-ലെ വ്യവസ്ഥകൾ പ്രകാരം അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ കുട്ടികൾക്കും ലഭിക്കുന്നതാണ്.

11. സെക്ഷൻ (33) പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായ തസ്തിക കണ്ടെത്തുന്നതിനായുള്ള എക്സ്പെർട്ട് കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും ആയതിൽ നിഷ്കർഷിക്കുന്ന പ്രകാരം കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

12. സെക്ഷൻ (34 ) പ്രകാരം 4% തൊഴിൽ സംവരണം നടപ്പാക്കുന്നതിന് 4-ാമത്തെ വിഭാഗത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എയ്ഡഡ് മേഖലയിൽ 4% തൊഴിൽ സംവരണം അനുവദിച്ചു കൊണ്ട് 18.11.2018 തീയതിയിലെ GO(P) No. 18/2018/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

13. സെക്ഷൻ (36) പ്രകാരമുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ രൂപീകരിച്ചിട്ടുണ്ട്.

14. സെക്ഷൻ 37, 38, 39 എന്നിവ പ്രകാരമുള്ള special schemes, special provision for PwDs with high Supports, Awareness Campaign എന്നിവ വകുപ്പു തലത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെയും പരിപാടികളിലൂടെയും ഉറപ്പ് വരുത്തുന്നു.

15. സെക്ഷൻ 40, 41, 42, 44, 45, 46, വരെയുള്ള സെക്ഷനുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ബാരിയർ ഫ്രീ കേരളാ സ്കീം നടപ്പാക്കുന്നു. ആയതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ എല്ലാ പൊതു കെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കിയിട്ടുണ്ട്. നിലവിൽ മലപ്പുറം, വയനാട് ജില്ലകളിലെ പൊതു കെട്ടിടങ്ങൾ അംഗപരിമിത സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ അക്സസിബിൾ ഇന്ത്യാ ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ 28 പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള 8.59 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാർ അംഗീകരിക്കുകയും, കേന്ദ്ര സർക്കാരിൽ നിന്നും 4.29 കോടി രൂപ ആദ്യ ഗഡുവായി ലഭിക്കുകയും ചെയ്തു.

16. സെക്ഷൻ (43) പ്രകാരം അംഗപരിമിതർക്കുള്ള സഹായ ഉപകരണങ്ങൾ ഏകീകൃതമാതൃകയിൽ തയ്യാറാക്കുന്നതിനും ആയതിനുള്ള പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും വെബ് പോർട്ടൽ സംവിധാനം ഏർപ്പെടുത്തുന്നതിനും വകുപ്പ് തലത്തിലും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയും വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേനയും നടപടി സ്വീകരിച്ചിട്ടുണ്ട്.

17. സെക്ഷൻ (47) പ്രകാരം ആക്ട് നടപ്പാക്കുന്നതിലേക്കായി മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ആക്ട് സെല്ലുകൾ രൂപീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

18. സെക്ഷൻ ( 55 ) പ്രകാരം അംഗീകൃത NGO കൾക്ക് വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ധനസഹായം നൽകി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി " അതിജീവനം" എന്ന പേരിൽ സമഗ്ര പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

19. സെക്ഷൻ 66-71 പ്രകാരമുള്ള State Advisory Board on Disability, സെക്ഷൻ 79-83 പ്രകാരമുള്ള സംസ്ഥാന കമ്മീഷണറേറ്റ് എന്നിവ രൂപീകരിച്ചിട്ടുണ്ട്.

20. സെക്ഷൻ ( 101 ) പ്രകാരമുള്ള സംസ്ഥാന ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ 14, 15, 49-59, 72, 73, 84, 85, 88 എന്നിവയിലെ വ്യവസ്ഥകൾ ആക്ടിലെ സംസ്ഥാന ചട്ടം നിലവിൽ വരുന്നതോടെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. സെക്ഷൻ 32 പ്രകാരം ഉന്നത വിദ്യാഭ്യാസത്തിന് അംഗപരിമിതർക്ക് 5% സംവരണം നൽകുന്നതിനും സെക്ഷൻ 35 പ്രകാരം കൂടുതൽ അംഗപരിമിതർക്ക് തൊഴിൽ നൽകുന്ന തൊഴിൽ സ്ഥാപനങ്ങൾക്ക് ഇൻസെന്റീവ്സ് നൽകുന്നതിനും, സെക്ഷൻ 56-59 പ്രകാരം വൈകല്യം നിശ്ചയിച്ച് നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.